**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1170**

**02.05.2017 - ൽ**
**മറുപടിക്ക്**

**കർഷകർക്ക് പ്രോവിഡന്റ് ഫണ്ട്**

| **ചോദ്യം**<br>**ശ്രീ.കെ. കൃഷ്ണൻകുട്ടി** | **മറുപടി**<br>**ശ്രീ.വി.എസ്.സുനിൽ കുമാർ**<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| **എ)** കേരളത്തിലെ സർക്കാർ ഫാമുകളിലെ സ്ഥിരം തൊഴിലാളികൾക്ക് പ്രോവിഡന്റ് ഫണ്ട് ആനുകൂല്യം എങ്ങനെയാണ് നൽകുന്നത്; ആരാണ് ഈ ഫണ്ടിന്റെ കസ്റ്റോഡിയൻ; ഫണ്ട് എവിടെയാണ് നിക്ഷേപിക്കുന്നത്; മൊത്തം ഈ ഫണ്ടിൽ എത്ര രൂപയുണ്ട്; എത്ര തൊഴിലാളികൾ അംഗങ്ങളായുണ്ട്; എത്ര രൂപ പലിശ നൽകുന്നു; എത്ര തുക വരെ ലോൺ കിട്ടും; എന്തൊക്കെയാണ് മറ്റാനുകൂല്യങ്ങൾ; തൊഴിലാളികൾക്ക് പങ്കാളിത്ത പെൻഷൻ നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനു കാരണമെന്താണ് ; | **എ)** 01/09/1987-ലെ സ.ഉ.(എം.എസ്.)നം.202/1987/എഡി. എന്ന സർക്കാർ ഉത്തരവ് പ്രകാരം കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ ഫാമുകളിലെ സ്ഥിരം തൊഴിലാളി കൾക്കായി ഒരു പ്രോവിഡന്റ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറാണ് ഈ പ്രോവിഡന്റ് ഫണ്ടിന്റെ കസ്റ്റോഡിയൻ. സർക്കാർ ഖജനാവിലേയ്ക്കാണ് ഫണ്ട് അടയ്ക്കുന്നത്. (ശീർഷകം 8009-01-101-89) കാലാകാലങ്ങളിൽ തുക പിൻവലിക്കലും വരിസംഖ്യ ഒടുക്കലും, തിരിച്ചടവും നടക്കുന്നതിനാൽ ഫണ്ടിലെ ആകെ തുക കൃത്യമായി എത്രയാണെന്ന് പറയാനാകില്ല. 1800-ഓളം സ്ഥിരം തൊഴിലാളികൾ ഫണ്ടിൽ അംഗങ്ങളായുണ്ട്. 8.7 ശതമാനം പലിശയാണ് ലേബർ പ്രോവിഡന്റ് ഫണ്ടിന് ഇപ്പോൾ നല്കി വരുന്നത്. നീക്കിയിരിപ്പുതുകയുടെ 3/4 ശതമാനം ലോണായി എടുക്കാവുന്നതാണ്. ലേബർ പ്രോവിഡന്റ് ഫണ്ടിൽ നിന്നും മറ്റ് ആനുകൂല്യങ്ങൾക്ക് അർഹതയില്ല. "The Agriculture and Farm Workers Pension Rule" പ്രകാരം പെൻഷൻ ലഭിച്ചിരുന്ന കൃഷി വകുപ്പിലെ സ്ഥിരം ഫാം തൊഴിലാളികൾക്ക് 01/04/2013-നു ശേഷം തുടർന്നും ടി ചട്ടങ്ങൾ തന്നെയാണ് ബാധകമാവുക. എന്നാൽ 01/04/2013-ന് ശേഷം പ്രൊമോഷൻ മുഖേന സ്ഥിരം തൊഴിലാളികളുടെ ഒഴിവിലേക്ക് നിയമിതരായവർക്ക് ദേശിയ പെൻഷൻ പദ്ധതിയാണ് ബാധകമാവുക. |
| **ബി)** ഇതേ മാതൃകയിൽ കർഷകർക്ക് പ്രോവിഡന്റ് ഫണ്ട് നടപ്പാക്കുമോ; ഇതിനായി എന്തൊക്കെ ചെയ്യേണ്ടതുണ്ട്; കേന്ദ്ര സർക്കാരിന്റെ അനുവാദം വാങ്ങേണ്ടതുണ്ടോ; ഇതിനെപ്പറ്റി പഠിക്കാനുദ്ദേശിക്കുന്നുണ്ടോ; ഇത് സർക്കാരിന് വരുമാനം ആകും എന്ന് പ്രതീഷിക്കുന്നുണ്ടോ? | **ബി)** നിലവിൽ പരിഗണനയിലില്ല. എന്നാൽ കർഷകക്ഷേമ ബോർഡ് രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**